കാലികം



# പരിസ്ഥിതി സംരക്ഷണം

## അറിയേണ്ട പാഠങ്ങൾ

ജൂൺ അഞ്ച് ആഗോളപരിസ്ഥിതി ദിനമായിരുന്നു. പ്രകൃതിയിലെ ആവാസവ്യവസ്ഥയ്ക്കാകമാനം ഭീഷണി ഉയരത്തക്കവിധത്തിൽ പരിസ്ഥിതിനാശം അനുദിനം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ വിവേകശൂന്യമായ ഉപഭോഗാസക്തിയാണ് ഇതിനു കാരണം.

### പ്രകൃതിക്കുമേലുള്ള കടുംവെട്ട്

മണ്ണ്, വനം, സമുദ്രം എന്നീ വിഭവസ്രോതസ്സുകളെ മനുഷ്യൻ ആവുന്നത്ര ചൂഷണം ചെയ്തുകഴിഞ്ഞു. സമുദ്രത്തിലെ മത്സ്യവിഭവങ്ങളുടെ ശേഖരം ഏതാണ്ട് തീരാറായി. വനമേലാപ്പിന്റെ വ്യാസം കുറഞ്ഞു. മണ്ണിന്റെ ഫലപുഷ്ടി നശിച്ചു. കുടിവെള്ളത്തിനും ജലസേചനത്തിനും ആവശ്യമായ ശുദ്ധജലം ഒരു ദുർലഭവസ്തുവായിത്തീരുന്ന കാലം വിദൂരമല്ല. അടുത്ത രണ്ടു ദശകത്തിനകം ആഗോളതലത്തിൽ ഭക്ഷ്യദൗർലഭ്യം അനുഭവപ്പെടാനാണിട.

പരിസ്ഥിതി ഘടകങ്ങളെ സാമ്പത്തിക പുരോഗതിക്കുള്ള ഘടകങ്ങളായി മാത്രമാണിന്ന് വീക്ഷിക്കുന്നത്. തൊഴിലവസരങ്ങൾക്കു മങ്ങലേറ്റിരിക്കുന്നു. ദാരിദ്ര്യവും പോഷകാഹാരക്കുറവും തത്ഫലമായുണ്ടാകുന്ന രോഗങ്ങളും വർധിക്കുന്നു. സ്വദേശത്തു തൊഴിലവസരങ്ങൾ കുറഞ്ഞതിന്റെ ഫലമായി വികസിത-വ്യാവസായിക രാഷ്ട്രങ്ങളിലേക്കുള്ള പ്രവാസവും ആഗോളതലത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

മനുഷ്യന്റെ യുക്തിഹീനമായ പ്രവർത്തനങ്ങളുടെ ഫലമായി പരിസ്ഥിതിക്കു ഹാനി സംഭവിക്കാത്ത പരിവർത്തനം ഉണ്ടാകാത്ത ഒരു ഭൂപ്രദേശവും ഈ പ്രപഞ്ചത്തിലിന്നില്ല. പ്രാചീന ഗ്രീസിലും വടക്കുകിഴക്കേ അമേരിക്കയിലും ഏഷ്യയിലും ഉണ്ടായിരുന്ന വന്യജീവിസമൃദ്ധമായ വനപ്രദേശങ്ങൾ വെട്ടിവെളുപ്പിച്ച് ഊഷരഭൂമികളാക്കി. ഇന്ധനമായി വിറകിനെ ആശ്രയിക്കുന്ന ഏഷ്യൻ-ആഫ്രിക്കൻ രാഷ്ട്രങ്ങളിലെ ജനങ്ങൾ വൃക്ഷങ്ങൾ വളരുന്നതിനെക്കാൾ വേഗത്തിൽ അവയെ ഉപയോഗിച്ചുതീർക്കുകയാണ്. ഇതിന്റെ ഫലമോ മരുഭൂവത്കരണവും.

ജലസേചനം, വൈദ്യുതി ഉത്പാദനം എന്നിവയ്ക്കുവേണ്ടി അണക്കെട്ടുകൾ



നിർമിക്കുന്നതിന്റെ ഫലമായി ജലസ്രോതസ്സുകളിലെ ലവണീകരണം സീമാതീതമായിരിക്കുന്നു. മണൽ ഖനനം, എണ്ണ ഖനനം, വ്യവസായ മാലിന്യങ്ങളുടെ നിക്ഷേപം, കെട്ടിടസമുച്ചയങ്ങളുടെ നിർമാണത്തിനായി സ്ഥലം നികത്തൽ എന്നിവയുടെ ഫലമായും ഭൂമിക്ക് ഭ്രംശം സംഭവിക്കുന്നു. വനനശീകരണം, മരുഭൂവത്കരണം, ലവണീകരണം, വെട്ടിനിരത്തൽ എന്നിവയുടെ ആകെഫലമായി പ്രകാശസംശ്ലേഷണത്തിനുള്ള മൊത്തം ഭൂമിയുടെ വി



സ്തൃതിയിൽ ഉണ്ടാകുന്ന കുറവ് ഭക്ഷ്യലഭ്യതയിൽ വൻകുറവു വരുത്തിയിരിക്കുന്നു. ഭൂമിയെ സംരക്ഷിക്കാതെ യഥാർത്ഥ സമൃദ്ധിയും സുസ്ഥിരതയും നേടാനാവില്ല എന്ന കാര്യം നമ്മൾ മറന്നുപോകുന്നു.

ഈ മറവിക്കിടയിൽ അവനു മുന്നറിയിപ്പു നല്കുന്നതാണു പരിസ്ഥിതിശാസ്ത്രം. ഇതെക്കുറിച്ച് ഇന്ന് സാധാരണക്കാരനുപോലും ധാരണയുണ്ട്. മനുഷ്യന്റെ ഇടപെടലുകൾ മൂലമായാലും അല്ലാതായാലും ഭൂമിയിലെ ജീവജാലങ്ങളും പ്രകൃതിയിലെ ഇതരഘടകങ്ങളും തമ്മിലുള്ള പരസ്പരാശ്രയത്വത്തിൽ അടിയുറച്ച ബന്ധം പ്രാധാന്യം അർഹിക്കുന്നു. ജൈവവ്യവസ്ഥകളെ അവയുടെ ഘടകങ്ങളായല്ല, മറിച്ച് അവയെ സമൂർത്തവും സമഗ്രവുമായി വേണം പഠിക്കേണ്ടത് എന്ന ഗൈയാ സിദ്ധാന്തം, പരിസ്ഥിതിയെ ആത്മീയതലത്തിലൂടെ വീക്ഷിക്കുന്ന ഡീപ് ഇക്കോളജി, രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങൾക്ക് മുൻതൂക്കം കല്പിക്കുന്ന സാമൂഹിക പരിസ്ഥിതി ശാസ്ത്രം, പുരുഷമേധാവിത്വ ചൂഷണാധിഷ്ഠിതമായ ഇക്കോഫെമിനിസം എന്നിവ പരസ്പരപൂരകങ്ങളായ ശാസ്ത്രശാഖകളാണ്.

ഊർജനിയമങ്ങളെ ആധാരമാക്കിയാണ് പരിസ്ഥിതിശാസ്ത്രത്തിന്റെ പ്രയോഗം. ഇതിൽ പ്രമുഖ സ്ഥാനം സൗരോർജത്തിനാണ്. കാർബൺയൗഗികങ്ങൾ, ഹൈഡ്രജൻ, ഷുഗറുകൾ, രാസികങ്ങൾ എന്നിവയിൽ നിന്നും പ്രോട്ടിസ്റ്റുകൾ, ബാക്ടീരിയങ്ങൾ, സസ്യങ്ങൾ, ജന്തുക്കൾ എന്നിവ ഊർജം സംഭരിക്കുന്നു. നൂറ്റാണ്ടുകൾക്കുമുമ്പ് ജൈവവസ്തുക്കൾ ശേഖരിച്ച സൗരോർജം തന്നെയാണ് ഇന്ന് ഫോസ്സിൽ ഇന്ധനങ്ങളായി മനുഷ്യൻ ഉപയോഗിക്കുന്നത്.

ഊർജസംരക്ഷണ നിയമങ്ങൾ തന്നെയാണ് പരിസ്ഥിതിയുടെയും ആധാരം. സൗരോർജം, കാറ്റിൽ നിന്നും തിരമാലയിൽ



നിന്നുമുള്ള ഊർജം എന്നിവ ആവശ്യത്തിനുതകുമെങ്കിൽ ഫോസ്സിൽ ഇന്ധനങ്ങൾ പാഴാക്കാതിരിക്കുക. ഊർജം സൃഷ്ടിക്കാൻ കൂടുതൽ ഊർജം പാഴാക്കാതിരിക്കുക. ഇവിടെ എൻട്രോപ്പിക്കും സാംഗത്യമുണ്ട്.



എന്നാൽ കോടിക്കണക്കിന് ജനങ്ങൾ വൻതോതിൽ ഊർജം ചെലവഴിക്കുന്നു. വിവേചനമില്ലാതെ വനങ്ങൾ വെട്ടിനശിപ്പിച്ചശേഷം ഒറ്റ സ്പീഷീസ് മരങ്ങൾ വച്ചുപിടിപ്പിക്കുന്നു. അമിതമായ മത്സ്യബന്ധനം നടത്തി വൈവിധ്യമാർന്ന മത്സ്യസ്പീഷിസുകളെ നശിപ്പിച്ചശേഷം മത്സ്യക്കൃഷി നടപ്പാക്കുന്നു. ഇങ്ങനെ ഭൂമിയെ നിയന്ത്രിക്കാനും ജയിക്കാനും ശ്രമിക്കുന്തോറും പരിസ്ഥിതിക്കു കൂടുതൽ കോട്ടങ്ങൾ ഉണ്ടാകുന്നു.

ജനസംഖ്യ പരിമിതപ്പെടുത്തിയും ഉപഭോഗശീലങ്ങളിൽ മാറ്റം വരുത്തിയും ഊർജോപയോഗത്തിൽ സംയമനം പാലിച്ചും ഇവയ്ക്കൊക്കെ അനുഗുണമായ വിധത്തിൽ സാങ്കേതികവിദ്യകൾ സ്വായത്തമാക്കിയും സുസ്ഥിരവികസനം കൈവരുത്താം. പരിസ്ഥിതി കൂടുതൽ കാലം വാസയോഗ്യമാക്കുന്നതിനുവേണ്ട നിർദേശങ്ങൾ ആരായുകയാണ് പരിസ്ഥിതിപ്രേമികളും സംഘടനകളും മറ്റും.

നമ്മുടെ പ്രാണവായു മലിനമാക്കാതെ, കുടിവെള്ളം മലിനമാക്കാതെ, ആഗോളതാപനം കൂട്ടാതെ, അമ്ലമഴയ്ക്കു സാഹചര്യങ്ങൾ ഉണ്ടാക്കാതെ, പരിസ്ഥിതിയെ

**മനുഷ്യന്റെ യുക്തിഹീനമായ പ്രവർത്തനങ്ങളുടെ ഫലമായി പരിസ്ഥിതിക്കു ഹാനി സംഭവിക്കാത്ത പരിവർത്തനം ഉണ്ടാകാത്ത ഒരു ഭൂപ്രദേശവും ഈ പ്രപഞ്ചത്തിലിന്നില്ല. പ്രാചീന ഗ്രീസിലും വടക്കുകിഴക്കേ അമേരിക്കയിലും ഏഷ്യയിലും ഉണ്ടായിരുന്ന വന്യജീവിസമൃദ്ധമായ വനപ്രദേശങ്ങൾ വെട്ടിവെളുപ്പിച്ച് ഊഷരഭൂമികളാക്കി. ഇന്ധനമായി വിറകിനെ ആശ്രയിക്കുന്ന ഏഷ്യൻ – ആഫ്രിക്കൻ രാഷ്ട്രങ്ങളിലെ ജനങ്ങൾ വൃക്ഷങ്ങൾ വളരുന്നതിനെക്കാൾ വേഗത്തിൽ അവയെ ഉപയോഗിച്ചുതീർക്കുകയാണ്. ഇതിന്റെ ഫലമോ മരുഭൂവത്കരണവും.**



രക്ഷിക്കുക – അതാണ് വരുംതലമുറകളെ സ്നേഹിക്കുന്ന , അവരുടെ സുഖജീവിതം സ്വപ്നം കാണുന്ന പരിസ്ഥിതിപ്രേമികളുടെ ലക്ഷ്യം. ◈

ചരിത്രം

• • •

റവ. ഡോ. മാത്യു ഡാനിയേൽ

# മിഷണറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

എന്തായിരുന്നു മിഷണറിമാരുടെ വിദ്യാഭ്യാസ പദ്ധതിയുടെ സവിശേഷത? ഓരോ പ്രദേശത്തും പ്രാഥമിക വിദ്യാലയങ്ങൾ, അവിടെ നിന്നും വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് ഗ്രാമർ സ്കൂളുകൾ, അവിടെ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് കോളജ്-ഇതായിരുന്നു മിഷണറിമാരുടെ വിദ്യാഭ്യാസപദ്ധതിയുടെ ഘടന. സിഎംഎസ് മിഷണറിമാരായിരുന്നു ഇവരിൽ പ്രമുഖർ.

ആംഗലഭാഷയിലുള്ള വിദ്യാഭ്യാസം പ്രചരിപ്പിക്കുക മാത്രമായിരുന്നില്ല അവരുടെ ലക്ഷ്യം. മാതൃഭാഷയ്ക്കും മാതൃഭാഷയിലെ സമ്പന്നമായ കാവ്യശാഖയ്ക്കും സവിശേഷ പ്രാധാന്യമുണ്ടായിരുന്നു, അവരുടെ വിദ്യാഭ്യാസ പദ്ധതിയിൽ. എന്നാൽ ഉന്നതവിദ്യാഭ്യാസം ആംഗലഭാഷയിലാക്കുവാൻ അവർ നിർബന്ധിതരാവുകയായിരുന്നു.

### റിംഗിൾ ടോബെ



തിരുവിതാംകൂറിൽ ആദ്യമായി ഇംഗ്ലീഷ് വിദ്യാലയം ആരംഭിച്ചത് (ലണ്ടൻ മിഷൻ സൊസൈറ്റി) (എൽ.എം.എസ്) മിഷണറിയായിരുന്ന റിംഗിൾ ടോബെയാണ്. 1806ൽ തന്നെ ആറ് സ്കൂളുകൾ സ്ഥാപിച്ചതായി രേഖയുണ്ട്. വിദ്യാർത്ഥികൾക്ക് ആവശ്യമായ പുസ്തകങ്ങൾ തഞ്ചാവൂരിലെ മിഷണറിമാർ സൗജന്യമായി നല്കി. മിഷണറിമാരുടെ അന്നത്തെ രേഖയിൽ പറയുന്നു: "വിദ്യാഭ്യാസ വിഷയത്തിൽ അനുഭവപ്പെട്ട വലിയ ബുദ്ധിമുട്ട്, നാട്ടുകാർ കുട്ടികളെ സ്കൂളിൽ അയയ്ക്കാൻ വിമുഖരായിരുന്നു. പെൺകുട്ടികളെ തീരെയും അനുവദിച്ചിരുന്നില്ല. പുതിയതെന്തിനോടും നിഷേധാത്മകമായ സമീപനം പുലർത്തുകയാണ് പതിവ്."

ആ സ്ഥിതി ക്രമേണ മാറിവന്നതായും ടോബെ രേഖപ്പെടുത്തിയിട്ടുണ്ട്. മിഷണറി വിദ്യാലയങ്ങളിൽ ക്രൈസ്തവർ മാത്രമല്ല കുട്ടികളെ അയച്ചിരുന്നത്. ഇതര മതസ്ഥരും അയച്ചിരുന്നു.

### ചാൾസ് മീഡ്



**മിഷണറിമാർ 1848ൽ കല്ലായിയിൽ ആരംഭിക്കുകയും 1858ൽ കോഴിക്കോട്ടേക്ക് മാറ്റിസ്ഥാപിക്കുകയും 1878ൽ ഹൈസ്കൂളായി ഉയർത്തുകയും ചെയ്ത വിദ്യാലയമാണ് മലബാർ ക്രിസ്ത്യൻ കോളജായി വളർന്നത്. ബാസൽ മിഷൻ 1856ൽ തലശ്ശേരിയിൽ ആരംഭിച്ച ഇംഗ്ലീഷ് വിദ്യാലയമാണ് ഇന്നത്തെ ഗവൺമെണ്ട് ബ്രണ്ണൻ കോളജ്. 1866ൽ പാലക്കാട്ട് ആരംഭിച്ച ഇംഗ്ലീഷ് വിദ്യാലയമാണ് പില്ക്കാലത്ത് വിക്ടോറിയ കോളജായി വികസിച്ചത്.**

വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കായി ഹൃദയവും ആത്മാവും അർപ്പിച്ച റവ. ചാൾസ് മീഡാണ്, തിരുവിതാംകൂർ വിദ്യാഭ്യാസചരിത്രത്തിലെ തിളക്കമേറിയ മറ്റൊരു കണ്ണി. ഓരോ ദേവാലയത്തോടും ചേർന്ന് ഓരോ വിദ്യാലയം - ഇതായിരുന്നു റവ. മീഡിന്റെ ലക്ഷ്യം. പ്രാദേശിക ഭാഷയിലായിരുന്നു പാഠഭാഗങ്ങൾ. ഭാഷയും കണക്കും സാധാരണ വിഷയങ്ങൾ-ഒപ്പം ഭൂമിശാസ്ത്രവും ചരിത്രവും ഇംഗ്ലീഷും ബൈബിൾ പാഠങ്ങളും പഠിപ്പിച്ചിരുന്നു.

1855ൽ തിരുവിതാംകൂർ ഗവൺമെണ്ട് ചാൾസ് മീഡിനെ സ്കൂളുകളുടെ സൂപ്രണ്ടായി നിയമിച്ചു. 1904 ആയപ്പോഴേക്കും ലണ്ടൻ മിഷൻ സൊസൈറ്റിക്ക് 384 സ്കൂളുകളും അവയിലാകെ 15641 വിദ്യാർത്ഥികളും ഉണ്ടായിരുന്നു.

### ചർച്ച് മിഷൻ സൊസൈറ്റി

കോട്ടയം കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ച ചർച്ച് മിഷൻ സൊസൈറ്റി (സിഎംഎസ്) വിദ്യാഭ്യാസമേഖലയിൽ പാദമൂന്നിയതോടെ മധ്യകേരളത്തിന്റെ വിദ്യാഭ്യാസചരിത്രം തിരുത്തിക്കുറിക്കപ്പെടുകയായിരുന്നു. കോട്ടയം, ആലപ്പുഴ, കൊച്ചി, മാവേലിക്കര, തൃശ്ശൂർ എന്നിവിടങ്ങളിലായി 1821 ആയപ്പോഴേക്കും മുപ്പത്തിയഞ്ച് സ്കൂളുകൾ അവർ സ്ഥാപിച്ചു. പ്രാഥമികവിദ്യാലയങ്ങളിൽ നിന്ന് ജയിച്ചു വരുന്നവർക്കായി കോട്ടയത്ത് ഗ്രാമർസ്കൂൾ സ്ഥാപിച്ചു. ഇംഗ്ലീഷായിരുന്നു അവിടെ മാധ്യമം. ആരംഭത്തിൽ പത്ത് വിദ്യാർത്ഥികളേ ഉണ്ടായിരുന്നുള്ളു. 1826 ആയപ്പോഴേക്കും വിദ്യാർത്ഥികളുടെ സംഖ്യ എഴുപതായി.

1816ൽ തുടക്കമിട്ട പഴയ സെമിനാരിയാണ് പില്ക്കാലത്ത് സി.എം.എസ് കോളജായി പരിണമിച്ചത്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ തറവാട്. ബഹുഭാഷാ പണ്ഡിതന്മാരായിരുന്ന മിഷണറിമാരോടൊപ്പം സംസ്കൃത മുൻഷിമാരും അവിടെ അധ്യാപകരായിരുന്നു. 1904ൽ സി.എം.എസ് മിഷണറിമാരുടെ ചുമതലയിൽ പ്രവർത്തിച്ചിരുന്ന 290 സ്കൂളുകളിലായി 13148 വിദ്യാർത്ഥികൾ പഠനം നടത്തിയിരുന്നു.

ഉത്തരകേരളത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ആരംഭം കുറിച്ചത് ബാസൽ ഇവാഞ്ചലിക്കൻ മിഷൻ ആയിരുന്നു. കണ്ണൂരിൽ വർണശ്ശേരിയിൽ 1841ൽ ഇംഗ്ലീഷ് സ്കൂൾ സ്ഥാപിച്ചു. മിഷണറിമാർ 1848ൽ കല്ലായിയിൽ ആരംഭിക്കുകയും 1858ൽ കോഴിക്കോട്ടേക്ക് മാറ്റിസ്ഥാപിക്കുകയും 1878ൽ ഹൈസ്കൂളായി ഉയർത്തുകയും ചെയ്ത വിദ്യാലയമാണ് മലബാർ ക്രിസ്ത്യൻ കോളജായി വളർന്നത്. ബാസൽ മിഷൻ 1856ൽ തലശ്ശേരിയിൽ ആരംഭിച്ച ഇംഗ്ലീഷ് വിദ്യാലയമാണ് ഇന്നത്തെ ഗവൺമെണ്ട് ബ്രണ്ണൻ കോളജ്. 1866ൽ പാലക്കാട്ട് ആരംഭിച്ച ഇംഗ്ലീഷ് വിദ്യാലയമാണ് പില്ക്കാലത്ത് വിക്ടോറിയ കോളജായി വികസിച്ചത്. വിദ്യാലയങ്ങൾക്കു വേണ്ടി പാഠമാലകൾ തയ്യാറാക്കിയത് ഡോ. ഗുണ്ടർട്ട് ആയിരുന്നു. 1857ൽ ഗവൺമെണ്ട് അദ്ദേഹത്തെ സ്കൂൾ ഇൻസ്പെക്ടറായി നിയമിക്കുകയും ചെയ്തു.

### കർമലീത്താ മിഷനറിമാർ

കത്തോലിക്കാ മതവിശ്വാസികൾ, ആദ്യകാലത്ത് പ്രൊട്ടസ്റ്റന്റ് മതവിശ്വാസികളുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ വിമുഖരായിരുന്നു. വൈകാതെ പൊതുവിദ്യാഭ്യാസരംഗത്ത് അവരും ചുവടുവച്ചു തുടങ്ങി. കർമലീത്താ മിഷണറിമാരാണ്, ഈ മേഖലയിൽ വളരെ ദൂരം മുന്നേറിയത്. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനാണ് കർമപരിപാടികൾക്ക് നേതൃത്വം നല്കിയത്. അദ്ദേഹം അധ്യക്ഷൻ (പ്രിയോർ) ആയിരുന്ന കാലത്ത് സന്യാസസമൂഹത്തിന് പല ശാഖാഭവനങ്ങളുമുണ്ടായി. സമൂഹസേവനത്തിന് പല പുതിയ മാർഗങ്ങളും കണ്ടെത്തുകയും ചെയ്തു. അതിൽ പ്രധാനമാണ് വിദ്യാഭ്യാസ പ്രവർത്തനം.



*ചാവറയച്ചൻ*

ചാവറയച്ചൻ വരാപ്പുഴ രൂപതയുടെ വികാരി ജനറാൾ ആയിരുന്നപ്പോൾ, 1865ൽ പള്ളികൾക്ക് അയച്ചിട്ടുള്ള ഒരു സർക്കുലറിൽ, ഇടവകകൾ തോറും വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നും, അല്ലാത്തപക്ഷം 'പള്ളിമുടക്കു' കല്പിക്കുന്നതാണെന്നും കർശനമായി അനുശാസിക്കുകയുണ്ടായി. ദേവാലയത്തോടനുബന്ധിച്ച് വിദ്യാലയം സ്ഥാപിക്കുന്നത് മതപരമായ കടമയായി കണ്ട ഈ സന്യാസസമൂഹമാണ്, വിദ്യാഭ്യാസമേഖലയിൽ അവിസ്മരണീയമായ ഒരേട് രചിച്ച തദ്ദേശീയ മിഷനറിമാരിൽ പ്രമുഖർ.

ചാവറയച്ചൻ 1846ൽ മാന്നാനത്ത് ഒരു സംസ്കൃതവിദ്യാലയം സ്ഥാപിച്ചു. അധഃകൃതരുടെ വിദ്യാഭ്യാസത്തിനുവേണ്ടി പ്രത്യേക പള്ളിക്കൂടങ്ങൾ ആരംഭിച്ചു. ഇടവകവിദ്യാലയങ്ങളിൽ പഠിച്ചു വരുന്ന സമർത്ഥർക്ക് ഉന്നതവിദ്യാഭ്യാസം നല്കുന്നതിനായി കൊച്ചിയിലെ സാന്താക്രൂസ് ഹൈസ്കൂളും മാന്നാനത്തെ സെന്റ് എഫ്രേംസ് ഹൈസ്കൂളും സ്ഥാപിച്ചു.

മിഷണറിമാരുടെ ചുവടുപിടിച്ചാണ് ഗവൺമെണ്ട് വിദ്യാഭ്യാസമേഖലയിലേക്ക് പ്രവേശിച്ചത്. തുടക്കത്തിൽ മിഷണറിമാർ തന്നെയായിരുന്നു ഗവൺമെണ്ടിന്റെ ചുമതലയിൽ നടന്ന വിദ്യാലയങ്ങളുടെയും സാരഥ്യം വഹിച്ചിരുന്നത്. ഗവൺമെണ്ട് വിദ്യാലയങ്ങളിൽ ഫീസ് ചുമത്തിയിരുന്നു. അതു

**ചാവറയച്ചൻ വരാപ്പുഴ രൂപതയുടെ വികാരി ജനറാൾ ആയിരുന്നപ്പോൾ, 1865ൽ പള്ളികൾക്ക് അയച്ചിട്ടുള്ള ഒരു സർക്കുലറിൽ, ഇടവകകൾ തോറും വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നും, അല്ലാത്തപക്ഷം 'പള്ളിമുടക്കു' കല്പിക്കുന്നതാണെന്നും കർശനമായി അനുശാസിക്കുകയുണ്ടായി. ദേവാലയത്തോടനുബന്ധിച്ച് വിദ്യാലയം സ്ഥാപിക്കുന്നത് മതപരമായ കടമയായി കണ്ട ഈ സന്യാസസമൂഹമാണ്, വിദ്യാഭ്യാസമേഖലയിൽ അവിസ്മരണീയമായ ഒരേട് രചിച്ച തദ്ദേശീയ മിഷണറിമാരിൽ പ്രമുഖർ.**

കൊണ്ടു സമൂഹത്തിന്റെ താഴെക്കിടയിലുള്ളവർക്ക് അവ അപ്രാപ്യമായിരുന്നു. മാത്രമല്ല അവർണർക്ക് പ്രവേശനം അനുവദിച്ചിരുന്നുമില്ല. മിഷണറിമാർ ഫീസ് ചുമത്തിയിരുന്നില്ലെന്നു മാത്രമല്ല, എല്ലാവിഭാഗക്കാർക്കും പ്രവേശനം അനുവദിക്കുകയും ചെയ്തു. അങ്ങനെ ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭം ആയപ്പോഴേക്കും കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ അഭൂതപൂർവമായ വികാസം സൃഷ്ടിക്കാൻ മിഷണറിമാർക്കു കഴിഞ്ഞു.

(തുടരും)

നാരദൻ

# പതിമൂന്നാം പേജ്

## കരിഞ്ഞ ദിനം

മഴ തകർത്തുപെയ്യുന്ന നല്ലൊരു നേരത്ത് ഒരു ഹർത്താൽ എല്ലാവരും പ്രതീക്ഷിച്ചു. എത്രനാളായി വെറുതെ മൂടിപ്പുതച്ചും ചുമ്മാ കെട്ടിപ്പിടിച്ചുമൊക്കെ ഒന്നു കിടന്നുറങ്ങിയിട്ട്! സിപിഎം കേന്ദ്രം എല്ലാം തുലച്ചെന്നു പറഞ്ഞാൽ മതിയല്ലൊ!

പിണറായിയെ പ്രോസിക്യൂട്ട് ചെയ്യാൻ ഗവർണർ അനുമതി നല്കിയതേ, യുഡിഎഫുകാരുമാത്രമല്ല എൽഡിഎഫുകാരും കപ്പയും പോത്തുമൊക്കെ മേടിച്ചു വച്ചതാണ്. കാരണം, പിറ്റേന്ന് ഒരു ഹർത്താൽ ഉറപ്പെന്ന് എല്ലാവരും നിനച്ചു. പിന്നെയല്ലേ നേതാക്കന്മാരു പറയുന്നത്, ഹർത്താലല്ല കരിദിനമാണെന്ന്. ഹർത്താൽ നടത്തി പാർട്ടിയുടെ ഇമേജു കളയേണ്ട എന്നാവും സിപിഎം വിചാരിക്കുന്നത്. എന്തോന്ന് ഇമേജ്!

കരിദിനമാണേലും ഹർത്താലാണേലും പെട്ടിയടയ്ക്കാൻ വയ്യാതെ കുറെ നോട്ടു കെട്ടുകൾ ഈ ലാവ്‌ലിനു പിന്നിൽതള്ളിനില്പുണ്ടെന്ന് പത്രം വായിക്കുന്നവർക്കൊക്കെ ഇന്നറിയാം. ആ നിലയ്ക്ക് ഒരു ഹർത്താലെങ്കിലും നടത്തിയിരുന്നെങ്കിൽ ജനം വിജയനെ നന്ദിയോടെ ഓർത്തേനേ. ഇതിപ്പോൾ കരിഞ്ഞ ദിനമായിപ്പോയി!

കരിങ്കൊടിയുടെയും കരിദിനത്തിന്റെയുമൊക്കെ കാലം കഴിഞ്ഞെങ്കിലും ഒരർത്ഥത്തിൽ'കരിദിനം' ഉചിതമായി താനും. എന്തെന്നാൽ സിപിഎമ്മിനെ സംബന്ധിച്ചിടത്തോളം കരിഞ്ഞുപോയ ദിനം 'കരിദിന'മായിട്ടല്ലാതെ എങ്ങനെ ആചരിക്കും? ✪



## ഓർത്താൽ ചിരിവരും!

വിളി ആർക്കും എവിടെ നിന്നും വരാമെന്നതാണു ലോകത്തിന്റെ അവസ്ഥ. ഓടിപ്പാഞ്ഞു നടക്കുന്നതിനിടയിൽ ഓർക്കാപ്പുറത്തു വരുന്ന വിളി പലരെയും വിഭ്രമിപ്പിക്കുന്നു. എന്നാൽ മുകളിൽ നിന്നുള്ള വിളി പ്രതീക്ഷിച്ചിരിക്കുന്ന വയോജനങ്ങളുടെ കാര്യം വേറെ. താഴെ ആരും തങ്ങളെ വിളിക്കാനില്ലാത്ത അവസ്ഥയിലാണ് ആ പാവങ്ങൾ 'മുകളിൽ' നിന്നുള്ള വിളിക്ക് കാതോർക്കുന്നത്. ആരും വിളിക്കാത്ത സാഹചര്യത്തിൽ, പല വൃദ്ധ മാതാപിതാക്കളും എന്നെ വിളിച്ചായിരുന്നോ എന്നു ചോദിച്ചുകൊണ്ടു രംഗപ്രവേശം ചെയ്യുന്ന സന്ദർഭങ്ങളും ജീവിതനാടകത്തിൽ നമുക്ക് കണ്ടെത്താം!

ആലോചിച്ചാൽ ജീവിതംതന്നെ ഒരു വിളിയാണ്. ഒന്നുകിൽ വിളി അല്ലെങ്കിൽ വെല്ലുവിളി. ആരും വിളിക്കാനില്ലാത്ത അവസ്ഥ എത്ര ഭീതി ജനകം! ഇന്റർവ്യൂവിനും കല്യാണത്തിനുമൊക്കെ വിളിവരുമെന്ന പ്രതീക്ഷയിൽ അലക്കിത്തേച്ച വസ്ത്രങ്ങളുമായി ഒരുങ്ങിയിരുന്നിട്ട് ഒടുക്കം ഒന്നും സംഭവിക്കാതായാൽ ദൈവത്തെവരെ പ്രാകുന്നവരില്ലേ?



എന്തുകാര്യത്തിനായാലും, മൊബൈൽ ഫോൺ വന്നതിൽ പിന്നെ ആളുകളുടെ വിളി മുമ്പത്തെക്കാൾ ഇന്നു വർധിച്ചിട്ടുണ്ടെന്നു പറയാതെ വയ്യ! ദിവസത്തിൽ ഏറിയ നേരവും ഈ മൊബൈൽ ചെവിചേർന്നിരിക്കുന്നതുകൊണ്ട് പലർക്കും ഉൾവിളിയും ദൈവവിളിയും പോലും തിരിച്ചറിയാൻ കഴിയുന്നില്ലെന്നാണു കേൾവി. വിളിച്ചാൽ വിളിപ്പുറത്തു വരുന്ന ദൈവത്തെക്കാൾ പ്രിയമാണ് വഴി തെറ്റിവന്ന ഫോണിന്റെ അങ്ങേത്തലയ്ക്കലെ അജ്ഞാതമധുരശബ്ദമിന്നു പല സ്നേഹിതർക്കും.

ഒന്നും മിണ്ടാനില്ലാത്തവരും ആരോടെങ്കിലും മിണ്ടിയില്ലേൽ ഉറക്കം വരാത്തവരും കൈയിൽ കാശില്ലാത്ത ദരിദ്രവാസികളും മറ്റും തോണ്ടിവിളിച്ചു രസിക്കുന്ന ഒരു കളിയാണ് 'മിസ്ഡ്കോൾ'. പല മിസുമാരും മിസ്സിസുമാരും ഈ മിസ്ഡ്കോളിൽ കുടുങ്ങുന്നു. പെണ്ണിന്റെ സ്വരത്തിൽ ആണും ആണിന്റെ സ്വരത്തിൽ പെണ്ണുമൊക്കെ വിളിക്കുന്ന കാലം. മഹാന്മാരുടെയും മഹതികളുടെയുമൊക്കെ സ്വരത്തിൽ വിളിച്ച് ആളുകളെ ഇളിഭ്യരാക്കുന്ന വിരുതന്മാരും കുറവല്ല.

വിഎസ് എന്ന മഹാന്റെ സ്വരത്തിൽ സുകുമാർ അഴീക്കോടെന്ന മഹാനെ വിളിച്ചു വിഡ്ഢിയാക്കിയ 'മഹാൻ' ആരെന്നറിയാനാണ് രാഷ്ട്രീയകേരളം ഇന്ന് ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നത്. വിവാദം അവസാനിപ്പിക്കുവാൻ ആഗ്രഹിക്കുന്നുവെന്നു പറഞ്ഞു വിഎസ് തന്നെ വിളിച്ചുവെന്ന് അഴീക്കോട്. അത്തരമൊരു സംഭവമേ ഉണ്ടായില്ലെന്നു വിഎസ്! കോടിയേരിയുടെ പോലീസ് 'മിമിക്രിക്കാരനെ' തപ്പി നടക്കുകയാണ്.

എല്ലാമാലോചിക്കുമ്പോൾ ഒരു 'ആഘോഷച്ചിരി'ക്കു വകയുണ്ട്. ചിരിച്ചാൽ മാഷിനിഷ്ടപ്പെടുമോയെന്നറിയില്ല. കൂട്ടിൽകിടക്കുന്ന ജീവിയിൽ കുറ്റം കണ്ടെത്തിയ മാഷ് കാട്ടിൽ കിടക്കുന്നവന്റെ ചിരി ചിരിക്കരുതെന്നു പറഞ്ഞാൽ തീർന്നില്ലേ?

ഏതായാലും പിണറായിയെ വിചാരണചെയ്യാൻ പ്രോസിക്യൂഷൻ അനുമതി നല്കിയ ഗവർണറുടെ നടപടി വലിയ കുഴപ്പമില്ലെന്നാണ് മാഷ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. വേണമെങ്കിൽ വിഎസിന് ഇപ്പോൾ ചിരിക്കാമെന്നും അദ്ദേഹം അനുവാദം കൊടുത്തിരിക്കുന്നു. അഴീക്കോടിന്റെ മുഖത്തോട്ട് സൂക്ഷിച്ചുനോക്കിയാൽ പിണറായിക്ക് ഒരു വഞ്ചനച്ചിരി ദർശിക്കാം. അതോ അശ്ലീലച്ചിരിയോ? ✪

## മൊഴിയും മറുമൊഴിയും

**ചാണക്യൻ**

അഴീക്കോട് പിണറായിയുടെ ചമ്മട്ടിയെന്നു ബർലിൻ കുഞ്ഞനന്തൻനായർ.

➢ **പുതിയൊരു ചമ്മട്ടി വാങ്ങാൻ വിജയനോടു പറയണം. ഈ പഴഞ്ചന്റെ മുള്ളും മുനയുമൊക്കെ തീരാറായി.**

* * * * *

ഘടകകക്ഷികൾ ശത്രുതാമനോഭാവം ഉപേക്ഷിക്കണമെന്നു പിണറായി വിജയൻ.

➢ **ആകെ അവശേഷിച്ചിരിക്കുന്ന അടിവസ്ത്രം കൂടി ഊരിക്കൊടുക്കണമെന്നാണു വിജയൻ പറഞ്ഞുവരുന്നത്.**

* * * * *

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അലക്കുജോലിക്കായി അത്യാധുനിക അലക്കുയന്ത്രങ്ങൾ സ്ഥാപിക്കുമെന്ന് ആരോഗ്യമന്ത്രി പി.കെ.ശ്രീമതി.

➢ **ഈ അലക്കുയന്ത്രത്തിൽ അഴിമതിക്കറ അലിയുമോ ആവോ?**

* * * * *

ചരിത്രത്തിലെ ഏറ്റവും കനത്ത തിരഞ്ഞെടുപ്പു പരാജയത്തിന്റെ പശ്ചാത്തലത്തിൽ സിപിഎം അഭിമുഖീകരിക്കുന്ന പ്രശ്നം നേതൃമാറ്റമല്ലെന്നു മുതിർന്ന നേതാവ് സീതാറാം യെച്ചൂരി.

➢ **അതെയതെ. ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നം മാറ്റമല്ല, വെറും നാറ്റമാണ്.**

* * * * *

ഇടതുമുന്നണിയിൽ ഏകപക്ഷീയ തീരുമാനം ഇനി നടപ്പില്ലെന്നു സിപിഐ സംസ്ഥാന സെക്രട്ടറി വെളിയം ഭാർഗവൻ.

➢ **തോറ്റുതൊപ്പിയിട്ട നേരത്തായിരിക്കും തന്റെ തലയുടെ കുഴപ്പം ആശാനു ശരിക്കു പിടികിട്ടുന്നത്.**

* * * * *

ലോകപരിസ്ഥിതിദിനത്തിൽ വനംവകുപ്പും തദ്ദേശ സ്വയംഭരണവകുപ്പും സംയുക്തമായി പൊതുജനപങ്കാളിത്തത്തോടെ ഒരു കോടി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുമെന്നു മന്ത്രി ബിനോയ് വിശ്വം.

➢ **പക്ഷേ, പല മരപ്പട്ടികളും ഇതൊന്നും അറിയുന്നില്ലല്ലോയെന്നോർക്കുമ്പോഴാ സങ്കടം.**

* * * * *

പുതിയ ഗുണ്ടാലിസ്റ്റ് ഉടൻ തയ്യാറാക്കുമെന്നു ഡിജിപി.

➢ **ലിസ്റ്റിന്റെ ഓരോ കോപ്പി പത്രങ്ങൾക്കുകൂടി നല്കിയാൽ എല്ലാവർക്കും സൗകര്യമായിരുന്നു.**

* * * * *

സിപിഐ സംസാരിക്കുന്നത് ആർഎസ്എസിന്റെ ഭാഷയെന്ന് മദനി.

➢ **നേരായിരിക്കും. എല്ലാ ഭാഷയും മനസ്സിലാകുന്ന പിണറായി വിജയനല്ലേ മദനിയുടെ കൂട്ട്!**

പരാജയം എൽഡിഎഫ് പാഠമായി എടുക്കണമെന്നു പിണറായി.

➢ **എം.എ.ബേബിസാറിനോടു പറഞ്ഞ് ഒരു പാഠപുസ്തകം തന്നെ തയ്യാറാക്കിയാലും തെറ്റില്ല.**

CYAN MAGENTA YELLOW BLACK

**അനുസ്മരണം**

• • •

പി.ആർ.

## പോരാട്ടവീര്യത്തിന്റെയും റാണി

# ഝാൻസി റാണി

## (1835-1858)

ഇരുപത്തിമൂന്നാമത്തെ വയസ്സിൽ, സ്വാതന്ത്ര്യസമരപോരാട്ട വേദിയിൽ വീരമൃത്യു ഏറ്റുവാങ്ങി ജനകോടികളുടെ അഭിമാനസ്തംഭമായി മാറിയ ധീരവനിതയാണ് ഝാൻസി റാണി ലക്ഷ്മീബായി. ബാല്യകാലത്തെ പേരു മനുകർണിക എന്നായിരുന്നു.

1835 നവംബർ 19ന് മോറോപന്ത് ബൽവന്ത് താംബെയുടെയും ഭാഗീരഥിബായിയുടെയും മകളായി കാശിയിലാണ് മനുകർണിക ജനിച്ചത്. പിതാവ് താംബെ, മറാഠാ ഭരണാധികാരിയായിരുന്ന ബാജിറാവു രണ്ടാമൻ പേഷ്വായുടെ അനുചരനായിരുന്നു. ബ്രിട്ടീഷുകാരുമായുണ്ടായ യുദ്ധത്തിൽ പരാജയപ്പെട്ട് ബാജിറാവു പേഷ്വാ കാശിയിൽ വന്ന് താമസിച്ചു. ഒപ്പം താംബെയും കുടുംബസമേതം അദ്ദേഹത്തെ അനുഗമിച്ചു. ആ കാലഘട്ടത്തിലാണ് ഝാൻസിറാണിയെന്ന മനുകർണി ജനിച്ചത്.

പിന്നീട് ബിഥൂർ എന്ന സ്ഥലത്തേക്ക് പേഷ്വാ താമസം മാറിയപ്പോൾ കൂടെ താംബെയും കുടുംബവും പോയി. അവിടെയായിരുന്നു മനുകർണി വളർന്നത്. കുട്ടിക്കാലത്തു തന്നെ കുതിരസവാരി, വാൾപ്പയറ്റ്, തോക്കുപയോഗിക്കൽ എന്നിവയിൽ ഏറെ താത്പര്യവും മിടുക്കും പ്രകടിപ്പിച്ച മനുകർണി നാട്ടുകാരുടെ സ്നേഹവാത്സല്യങ്ങൾക്ക് പാത്രമായി.



> 1857 മെയ് 10ന് മീററ്റിലെ സൈനികതാവളത്തിൽ പൊട്ടിപ്പുറപ്പെട്ട ഒന്നാം സ്വാതന്ത്ര്യസമരപ്രക്ഷോഭം അവിടെനിന്നും രാജ്യത്തിന്റെ നാനാഭാഗങ്ങളിലേക്ക് അതു കത്തിപ്പടർന്നു. ഝാൻസിയിലും അതിന്റെ അലയൊലികളെത്തി. അവിടെ ഭരണം നടത്തിവന്ന ബ്രിട്ടീഷ് അധികാരികളെ സ്വാതന്ത്ര്യസമരപ്രക്ഷോഭകർ വകവരുത്തി കൊട്ടാരത്തിന്റെ നിയന്ത്രണം പൂർണമായും കൈക്കലാക്കി. കൂടാതെ റാണി ലക്ഷ്മീബായിയെ തിരികെവരുത്തി ഭരണമേല്പിച്ചു.

### മനുകർണിയിൽ നിന്നും ഝാൻസി റാണിയിലേക്ക്

കാൺപൂരിനു തെക്കു പടിഞ്ഞാറായി വിന്ധ്യാപർവതത്തിനു സമീപമുള്ള പ്രവിശ്യയായ ഝാൻസിയിലെ രാജാവ് ഗംഗാധർ റാവുവിന്റെ ഭാര്യ മരിച്ചതിനെത്തുടർന്ന് 1850ൽ അദ്ദേഹം മനുകർണിയെ വിവാഹം കഴിച്ചു. അങ്ങനെ മനുകർണി ഝാൻസിയിലെ റാണി ലക്ഷ്മീബായിയായി മാറി. അടുത്ത വർഷം അവർക്ക് ഒരാൺകുഞ്ഞ് ജനിച്ചെങ്കിലും ഏതാനും മാസങ്ങൾക്കകം ആ കുട്ടി മരിച്ചുപോയി. ഇതിൽ ഏറെ ദു:ഖിതനായിത്തീർന്ന ഗംഗാധർ റാവു അധികം താമസിയാതെ നാടുനീങ്ങി.

> **കാൺപൂരിനു തെക്കു പടിഞ്ഞാറായി വിന്ധ്യാപർവതത്തിനു സമീപമുള്ള പ്രവിശ്യയായ ഝാൻസിയിലെ രാജാവ് ഗംഗാധർ റാവുവിന്റെ ഭാര്യ മരിച്ചതിനെത്തുടർന്ന് 1850ൽ അദ്ദേഹം മനുകർണിയെ വിവാഹം കഴിച്ചു. അങ്ങനെ മനുകർണി ഝാൻസിയിലെ റാണി ലക്ഷ്മീബായിയായി മാറി.**

അദ്ദേഹം രോഗശയ്യയിലായപ്പോൾ തന്നെ സഹോദരപുത്രനായ അഞ്ചുവയസ്സുകാരൻ ആനന്ദിനെ ദത്തെടുത്തിരുന്നു. ആനന്ദിനെ ഭാവിയിൽ രാജാവായി അഭിഷേകം ചെയ്യിക്കുമെന്നും പ്രായമെത്തുന്നതുവരെ രാജ്യഭരണം റാണിലക്ഷ്മി നിർവഹിക്കുമെന്നുമുള്ള വിവരം ബ്രിട്ടീഷ് അധികാരികളെ അറിയിച്ചിരുന്നു. എന്നാൽ ദത്തധികാരനിരോധനനിയമം ഉപയോഗിച്ച് ഇതിനെ തടയുവാനും ഝാൻസി പൂർണമായി തങ്ങളുടെ വരുതിയിലാക്കുവാനുമാണ് ബ്രിട്ടീഷ് അധികാരികൾ തുനിഞ്ഞത്. എന്നാൽ, തന്നെ രാജ്യം ഭരിക്കാൻ അനുവദിക്കണമെന്നും നാടുനീങ്ങിയ ഗംഗാധർ റാവുവിന്റെ അഭിലാഷം പ്രാവർത്തികമാക്കാൻ വഴിയൊരുക്കണമെന്നും അഭ്യർത്ഥിച്ച് റാണി നിരവധി തവണ ബ്രിട്ടീഷ് അധികാരികൾക്ക് കത്തുകളയച്ചു.

പക്ഷേ, അതൊന്നും ഗൗനിക്കുക പോലും ചെയ്യാൻ ബ്രിട്ടീഷ് അധികാരികൾ തയ്യാറായില്ല. തുടർന്ന് ഡൽഹൗസി പ്രഭു ദത്തധികാര നിരോധനനിയമം പ്രയോഗിച്ച് ഝാൻസിയുടെ ഭരണം ഏറ്റെടുക്കുന്നതായി പ്രഖ്യാപനം നടത്തി. അവസാനശ്രമം എന്ന നിലയിൽ നിയമജ്ഞരടക്കമുള്ള പ്രതിനിധി സംഘത്തെ റാണി ഇംഗ്ലണ്ടിലേക്കയച്ചു. അതും നിഷ്ഫലമാവുകയാണുണ്ടായത്.

രാജ്യത്തിന്റെ അധികാരം വിട്ടൊഴിയണമെന്ന ഡൽഹൗസിപ്രഭുവിന്റെ അന്ത്യശാസനവുമായെത്തിയ ഉദ്യോഗസ്ഥനോട്, താൻ അതിന് തയ്യാറല്ലെന്ന് റാണി തീർത്തു പറഞ്ഞു. മികച്ച ഭരണാധികാരി എന്ന നിലയിൽ റാണി ജനങ്ങളുടെ മനസ്സിൽ സ്ഥാനമുറപ്പിച്ചിരുന്നു. ജനങ്ങൾ റാണിയുടെ തീരുമാനത്തിൽ അഭിമാനംകൊണ്ടു. എന്നാൽ ഡൽഹൗസിപ്രഭുവിന്റെ സൈന്യം കൊട്ടാരത്തിലേക്ക് പടയോട്ടം ആരംഭിച്ചു. അപകടം മനസ്സിലാക്കിയ റാണി, അവർ കൊട്ടാരം ഏറ്റെടുക്കുന്നതിനു മുമ്പേതന്നെ ദത്തുപുത്രനായ ആനന്ദിനൊപ്പം സുരക്ഷിത സ്ഥലത്തേക്ക് താമസം മാറ്റി. പിന്നീടും റാണി, തന്റെ രാജ്യവും അധികാരവും തിരികെ ലഭിക്കുന്നതിനായി ബ്രിട്ടീഷ് ഭരണകൂടവുമായി നിരന്തരം ബന്ധപ്പെട്ടു. എന്നാൽ മൂന്നുവർഷം പിന്നിട്ടിട്ടും യാതൊരു ഫലവുമുണ്ടായില്ല.

### ഒന്നാം സ്വാതന്ത്ര്യസമരവും റാണിയുടെ തിരിച്ചുവരവും

ഈ സന്ദർഭത്തിലാണ് ഇന്ത്യയുടെ ആദ്യ സ്വാതന്ത്ര്യസമരം പൊട്ടിപ്പുറപ്പെട്ടത്. 1857 മെയ് 10ന് മീററ്റിലെ സൈനികതാവളത്തിൽ തുടക്കംകുറിച്ച ഒന്നാം സ്വാതന്ത്ര്യസമരപ്രക്ഷോഭം അവിടെനിന്നും രാജ്യത്തിന്റെ നാനാഭാഗങ്ങളിലേക്ക് കത്തിപ്പടർന്നു. ഝാൻസിയിലും അതിന്റെ അലയൊലികളെത്തി. അവിടെ ഭരണം നടത്തിവന്ന ബ്രിട്ടീഷ് അധികാരികളെ സ്വാതന്ത്ര്യസമരപ്രക്ഷോഭകർ വകവരുത്തി കൊട്ടാരത്തിന്റെ നിയന്ത്രണം പൂർണമായും കൈക്കലാക്കി. റാണി ലക്ഷ്മീബായിയെ തിരികെവരുത്തി ഭരണമേല്പിക്കുകയും ചെയ്തു.

കാര്യങ്ങൾ തങ്ങളുടെ നിയന്ത്രണത്തിൽ നിന്നും വഴുതിപ്പോകുന്നു എന്ന് ശങ്കിച്ച ബ്രിട്ടീഷ് അധികാരികൾ കലാപം അവസാനിപ്പിക്കുന്നതിനായി റാണിയുടെ സഹായം തേടി. എന്നാൽ ബ്രിട്ടീഷുകാരുടെ വാഗ്ദാനങ്ങളോടും പ്രലോഭനങ്ങളോടും മുഖം തിരിച്ച റാണി, സ്വാതന്ത്ര്യസമരപോരാളികൾക്കുവേണ്ടി നിലകൊണ്ടു. പക്ഷേ, അയൽ രാജ്യങ്ങളായ ഓർച്ച, പിഹാരി, ഡാലിയ എന്നിവിടങ്ങളിൽ നിന്നുണ്ടായ ആക്രമണങ്ങൾ കാര്യങ്ങൾ പിന്നെയും തകിടം മറിച്ചു.

ഇതിനെയെല്ലാം ശക്തിയുക്തം ചെറുത്തുതോല്പിച്ച റാണി തന്റെ സൈനികശേഷി അനേകം മടങ്ങ് വർധിപ്പിച്ചു. ഇത് ബ്രിട്ടീഷ് അധികാരികളെ വീണ്ടും ഭയചകിതരാക്കി. റാണിക്കെതിരെ ശക്തമായ സൈനികനീക്കം നടത്താനും അവരെ അധികാരഭ്രഷ്ടയാക്കാനും ഉത്തരവിട്ടു. അറുപതിനായിരം ഭടന്മാരാണ് ജനറൽ സർ ഹ്യൂറോസിന്റെ നേതൃത്വത്തിൽ ഝാൻസിയിലേക്ക് ആ ദൗത്യവുമായി പുറപ്പെട്ടത്.

1858 മാർച്ച് 21ന് ഈ സൈനികവ്യൂഹം ഝാൻസിയിലെത്തി. തുടർന്ന് ദിവസങ്ങൾ നീണ്ട ഉഗ്രപോരാട്ടം. പോരാട്ടത്തിൽ വിജയം നേടി ബ്രിട്ടീഷ് സൈന്യം കോട്ടയ്ക്കുള്ളിൽ കടന്നപ്പോഴേക്കും റാണിയും കൂട്ടരും അവിടെ നിന്ന് രക്ഷപെട്ടിരുന്നു. എന്നാൽ റാണിയുടെ പിതാവ് താംബെ ബ്രിട്ടീഷ് സൈന്യത്തിന്റെ പിടിയിലായി. അദ്ദേഹത്തെ പിന്നീട് തൂക്കിലേറ്റി.

കല്പി എന്ന പ്രവിശ്യയിലെത്തിയ റാണി, അവിടത്തെ ഭരണാധികാരി റാവു സാഹിബ് പേഷ്വായുടെ സഹായം തേടി. അദ്ദേഹം തന്റെ സൈന്യത്തെ പൂർണമായും റാണിയുടെ നിയന്ത്രണത്തിൽ വിട്ടുകൊടുത്തു. എന്നാൽ ബ്രിട്ടീഷ് സൈന്യത്തിന്റെ ശക്തമായ ആക്രമണം പ്രതിരോധിക്കുവാൻ കഴിയാതെ പേഷ്വായുടെ സൈന്യവും പരാജയപ്പെട്ടു.

റാണിയുടെ നിർദേശപ്രകാരം പേഷ്വാ ഗ്വാളിയറിലേക്കു പോയി. ഗ്വാളിയർ രാജാവായ സിന്ധ്യ ബ്രിട്ടീഷ് അനുകൂലിയായിരുന്നു. റാണിയുടെ സൈന്യം ഗ്വാളിയറിൽ പ്രവേശിച്ചതോടെ സിന്ധ്യ അവിടെനിന്നും പലായനം ചെയ്തു. പേഷ്വായുടെ ദത്തുപുത്രനായ നാനാസാഹിബിനെ ഗ്വാളിയർ രാജാവായി അവരോധിച്ചു.

ഹ്യൂറോസിന്റെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് സൈന്യം പിന്നീട് ഗ്വാളിയർ ലക്ഷ്യമാക്കി പടയോട്ടം ആരംഭിച്ചു. ഇതിനെ റാണിയുടെ നേതൃത്വത്തിൽ ഗ്വാളിയർ സൈന്യം ശക്തമായി പ്രതിരോധിച്ചു. ദിവസങ്ങൾ നീണ്ട ഉഗ്രപോരാട്ടം. 1858 ജൂൺ 17ന് റാണിയെയും ഭടന്മാരെയും ബ്രിട്ടീഷ് സൈന്യം വളഞ്ഞു. എന്നാൽ അടിയറവു പറയാതെ ശത്രുസംഹാരം നടത്തി മുന്നേറിയ റാണിക്ക് കോട്ടാകിസരായിൽ വച്ച് വെട്ടേറ്റു.

രാജ്യസ്നേഹവും പോരാട്ടവീര്യവും ആത്മാഭിമാനവും ഭാരതസ്ത്രീയുടെ ഭാവശുദ്ധിയും ഇതളുകളായി വിരിഞ്ഞുനിന്ന ആ പനിനീർപൂവ് ഞെട്ടറ്റുവീണു. ◈

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK



പുനരാഖ്യാനം

## മഹാഭാരതം-22

സവ്യസാചി

# ഏകചക്രയിൽ ബകവധം

ഏകചക്രയിൽ ബ്രാഹ്മണ കുടുംബത്തിലെ അതിഥികളായി താമസിച്ച പാണ്ഡവർ ഭിക്ഷയെടുത്താണ് ഉപജീവനം കഴിച്ചത്. രാവിലെ പുറപ്പെട്ടു സന്ധ്യയാകുമ്പോൾ മടങ്ങിയെത്തുന്ന അഞ്ചുപേരും തങ്ങൾക്ക് കിട്ടിയത് അമ്മയെ ഏല്പിക്കും. ആകെയുള്ളതിൽ പകുതി അമ്മയും മക്കളും ഭാഗിച്ചു ഭക്ഷിക്കും; പകുതി ഭീമസേനൻ തനിച്ചും.

അങ്ങനെയിരിക്കെ ഒരു സംഭവമുണ്ടായി. അന്ന് ഭീമസേനൻ ഭിക്ഷാടനത്തിനു പോയിരുന്നില്ല. അമ്മയോടൊത്ത് വീട്ടിലിരിക്കുകയായിരുന്നു. അപ്പോൾ കേൾക്കാം, ബ്രാഹ്മണ കുടുംബത്തിൽ നിന്ന് കരച്ചിലും നിലവിളിയും.

കുന്തി ഭീമനോടു പറഞ്ഞു: കുമാരാ, നമ്മുടെ ബ്രാഹ്മണന് എന്തോ ആപത്ത് സംഭവിച്ചിരിക്കുന്നു. അവർ നമുക്ക് അഭയം തന്നവരാണ്. അവർക്കാപത്തുണ്ടായാൽ നമ്മൾ സഹായിക്കണം. ഞാൻ പോയി നോക്കി വരാം.

കുന്തി അകത്തുചെല്ലുമ്പോൾ ബ്രാഹ്മണനും ഭാര്യയും മകളും മകനും പരസ്പരം കെട്ടിപ്പിടിച്ചിരുന്ന് കരയുകയാണ്. കുന്തിയെത്തിയതറിയാതെ ബ്രാഹ്മണൻ പിന്നെയും പതം പറഞ്ഞു കരഞ്ഞു:"ഞാൻ അന്നേ പറഞ്ഞതാണ് മറ്റെവിടെയെങ്കിലും പോയി ജീവിക്കാമെന്ന്. അപ്പോൾ നീ സമ്മതിച്ചില്ല. ജനിച്ച നാട്ടിൽ അച്ഛനമ്മമാരോടൊത്ത് കഴിയണം എന്ന് നീ ശാഠ്യം പിടിച്ചു. ഇന്നിപ്പോളിതാ, അവർ മരിച്ചു സ്വർഗം പൂകി. നമ്മുടെ കാര്യം കഷ്ടത്തിലുമായി. നീയെന്റെ പ്രിയ ഭാര്യ. എന്റെ മകന്റെയും മകളുടെയും അമ്മ. നിന്നെ മരിക്കാനയച്ച് ഞാൻ ജീവിച്ചിരിക്കില്ല. മകനെയും മകളെയും ഞാൻ മരണത്തിന് കൊടുക്കുകയില്ല. ഞാൻ തന്നെ പൊയ്ക്കൊള്ളാം".

അതുകേട്ട് ബ്രാഹ്മണപത്നി പറഞ്ഞു: "അതു ശരിയല്ല. അങ്ങാണു കുടുംബനാഥൻ. മകനെയും മകളെയും വളർത്തിക്കൊണ്ടുവരണമെങ്കിൽ അങ്ങുണ്ടായിരിക്കണം. ജീവൻകൊടുത്തും ഭർത്താവിനെ രക്ഷിക്കുകയെന്നത് ഭാര്യാധർമമാണ്. എന്റെ കടമകൾ ഞാൻ നിർവഹിച്ചു കഴിഞ്ഞു. അങ്ങേക്ക് ഒരു പുത്രനെയും പുത്രിയെയും ഞാൻ തന്നു. ഇനി ഞാൻ മരിച്ചാലും കുഴപ്പമില്ല. അങ്ങേക്കു വേണമെങ്കിൽ മറ്റൊരുവളെ ഭാര്യയായി സ്വീകരിക്കാം. മകനെയും മകളെയും നല്ല കുട്ടികളായി വളർത്താനും അങ്ങ് വേണം. ഭർത്താവും പിതാവുമില്ലെങ്കിൽ ഭാര്യയും മക്കളും അന്യരുടെ പരിഹാസത്തിനും അതിക്രമങ്ങൾക്കും പാത്രമാകും. നിലത്തിട്ട മാംസംപോലെ അവരെ കൊത്തിക്കൊണ്ടുപോകാൻ ദുഷ്ടപക്ഷികൾ പാഞ്ഞെത്തും. അതുകൊണ്ട് ഞാൻ പോയി മരിക്കാം. അങ്ങും കുട്ടികളും സുഖമായി കഴിയുക".

അച്ഛനും അമ്മയും ഇങ്ങനെ തർക്കിക്കുന്നതിനിടയിൽ മകൾ പറഞ്ഞു: "നിങ്ങളെന്തിനാണിങ്ങനെ കരഞ്ഞു ദുഃഖിക്കുന്നത്? ഞാൻ മരിച്ചാൽ ആർക്കും നഷ്ടമുണ്ടാവില്ലല്ലോ. അതുകൊണ്ട് ഞാൻ പോകാം. അനുജനെ നിങ്ങൾ നന്നായി വളർത്തുക. അവൻ വലുതാവുമ്പോൾ നിങ്ങളെ സംരക്ഷിച്ചുകൊള്ളും. മാതാപിതാക്കൾക്ക് മരണാനന്തര ക്രിയകൾ ചെയ്യാൻ പുത്രനല്ലേ വേണ്ടത്? നിങ്ങളാരെങ്കിലും ഇല്ലാതായാൽ ഏറ്റവുമധികം വിഷമിക്കുന്നത് ഈ മകളായിരിക്കും. അച്ഛനില്ലാത്ത മക്കൾ അമ്മയോടൊത്ത് നാടുതെണ്ടി ജീവിക്കേണ്ടി വരും. അത്തരമൊരവസ്ഥ ഞങ്ങൾക്ക് വരുത്തതരുതേ, അച്ഛാ".

മകളുടെ വാക്കുകേട്ട് ബ്രാഹ്മണനും ബ്രാഹ്മണിയും അവളെ കെട്ടിപ്പിടിച്ചു പിന്നെയും കരച്ചിലായി. ഇതുകണ്ട് കൊച്ചുകുട്ടിയായ പുത്രൻ നിലത്തുകിടന്ന പുല്ല് കൈകൊണ്ടെടുത്ത് പറഞ്ഞു: "അച്ഛനും അമ്മയും കരയേണ്ട, ചേച്ചിയും കരയേണ്ട. ഈ പുല്ലുകൊണ്ട് ഞാൻ ആ രാക്ഷസനെ കൊന്നു കളയും".

മകന്റെ കഥയറിയാത്ത വാക്കുകൾ കേട്ട് തേങ്ങിക്കരച്ചിലിനിടയിലും അവർ ചിരിച്ചുപോയി. അപ്പോൾ കുന്തി ചെന്ന് അവരോടന്വേഷിച്ചു. "നിങ്ങളെന്തിനാണ് കരയുന്നത്? കാരണമറിഞ്ഞാൽ അതു പരിഹരിക്കാവുന്നതാണെങ്കിൽ നമുക്ക് പരിഹരിക്കാം".

സഹോദരീ, നിന്റെ വാക്ക് ഉത്തമമനുഷ്യർക്ക് ചേർന്നതു തന്നെ. ബ്രാഹ്മണൻ പറഞ്ഞു. ഈ നാടിന്റെ അടുത്തുള്ള കാട്ടിൽ ബകൻ എന്നൊരു രാക്ഷസൻ പാർക്കുന്നുണ്ട്. അവൻ നാട്ടിലിറങ്ങി മനുഷ്യരെയും മൃഗങ്ങളെയും ഒക്കെ ഒരു മര്യാദയുമില്ലാതെ പിടിച്ചു തിന്നുമായിരുന്നു. ഈ നാടിനെ ശത്രുക്കളിൽ നിന്നും രക്ഷിക്കുന്നതവനാണത്രെ. ഞങ്ങളെയെല്ലാം ഉപദ്രവിക്കരുതേയെന്ന് കരഞ്ഞു പറഞ്ഞപ്പോൾ അവൻ ഒരു വ്യവസ്ഥവച്ചു. ദിവസവും ഇരുപതുപറ അരിയുടെ ചോറും, ചോറുകൊണ്ടു ചെല്ലുന്ന വണ്ടി വലിക്കുന്ന രണ്ടു പോത്തും, തെളിക്കുന്ന ആളും അവന് ഭക്ഷണമായി കിട്ടണം. എങ്കിൽ കാട്ടിൽതന്നെ താമസിച്ചോളാം.

ആ വ്യവസ്ഥ ഞങ്ങൾ സമ്മതിച്ചു. അതിപ്പോളും തുടർന്നുപോരുന്നു. ഓരോ ദിവസം ഓരോ കുടുംബത്തിന്റെ ഊഴമാണ്. അതു തെറ്റിച്ചാൽ അവൻ വന്ന് കുടുംബാംഗങ്ങളെ മുഴുവൻ ശാപ്പിടും. ഇന്ന് ഞങ്ങളാണവന് ചോറും കറിയും കൊണ്ടുചെന്ന് കൊടുക്കേണ്ടത്. അതിന് ആരുപോകും എന്നതിനെ ചൊല്ലിയാണിപ്പോൾ തർക്കിക്കുന്നത്. വില കൊടുത്ത് മറ്റൊരാളെ വാങ്ങാൻ കഴിവില്ല. അതുകൊണ്ട് ഞങ്ങളിലൊരാൾ പോയേ മതിയാവൂ.

നിങ്ങൾ വിഷമിക്കേണ്ട, കുന്തി അവരെ ആശ്വസിപ്പിച്ചു. എനിക്ക് അഞ്ച് മക്കളുണ്ട്. അവരിലൊരാൾ ഇന്ന് ഭക്ഷണം കൊണ്ടുപൊയ്ക്കൊള്ളും.

പെട്ടെന്ന് ബ്രാഹ്മണൻ തടഞ്ഞു പറഞ്ഞു: "അതു ഞാൻ സമ്മതിക്കില്ല. അതിഥികളായി വന്നിരിക്കുന്ന ബ്രാഹ്മണരായ നിങ്ങളെ കുരുതികൊടുക്കുന്നത് മഹാപാപമാണ്. ബ്രഹ്മഹത്യാപാപത്തിനു പരിഹാരം പോലുമില്ല. അത് ആത്മഹത്യചെയ്യുന്നതിനെക്കാൾ നികൃഷ്ടം. ഞാൻ സമ്മതിക്കില്ല".

അപ്പോൾ കുന്തി ബ്രാഹ്മണനോട് പറഞ്ഞു: "അങ്ങു വിഷമിക്കേണ്ട, എന്റെ മക്കളെ ഒരു രാക്ഷസനും ഒന്നും ചെയ്യാനാവില്ല. അവർ എത്രയോ രാക്ഷസരെ കാലപുരിക്കയച്ചിരിക്കുന്നു. ഈ രാക്ഷസനും അതേ ഗതി വരും. ഭയപ്പെടേണ്ട".

ഇതു കേട്ടപ്പോൾ ബ്രാഹ്മണന് സമ്മതമായി. കുന്തി ഭീമസേനനെ വിളിച്ചു കാര്യങ്ങൾ പറഞ്ഞു. ഭീമനു സന്തോഷമായി. ഏറെ നാളായി ശരീരമൊന്നനങ്ങിയിട്ട്. ഇന്നതിനൊരവസരമായല്ലോ. നിറഞ്ഞ സന്തോഷത്തോടെ പോത്തുകൾ വലിക്കുന്ന ചോറുവണ്ടിയിൽ കയറി മൂളിപ്പാട്ടുംപാടി ഭീമൻ കാട്ടിലേക്കു യാത്രയായി.

ഭിക്ഷാടനത്തിനുപോയ സഹോദരന്മാർ മടങ്ങിയെത്തിയപ്പോൾ വിവരമറിഞ്ഞു യുധിഷ്ഠിരൻ അമ്മയെ ശകാരിച്ചു. എന്തു മണ്ടത്തരമാണ് അമ്മ കാണിച്ചത്? ആ രാക്ഷസൻ സാധാരണക്കാരനല്ല. അവൻ ഭീമനെയെങ്ങാനും തോല്പിച്ചു കളഞ്ഞാലോ? നമ്മുടെ സ്ഥിതിയെന്താകും?

കുന്തി ചെറുചിരിയോടെ പറഞ്ഞു: "ധർമപുത്രാ, നീയെന്താ ഇങ്ങനെ ഒന്നുമറിയാത്തവനെപ്പോലെ കിണുങ്ങുന്നത്? ഏത് രാക്ഷസനാണ് ഭീമനെ തോല്പിക്കുക? ഒരിക്കലും സംഭവിക്കില്ല. പ്രസവിച്ചു വീണ ഉടനെ അവൻ കാട്ടിലെ പാറയിൽനിന്നു വീണ കാര്യം ഞാൻ നിന്നോടു പറഞ്ഞിട്ടില്ലേ? അന്ന് ഭീമനു വല്ലതും പറ്റിയോ? അവൻ ചെന്നു വീണ പാറയല്ലേ പൊടിഞ്ഞുപോയത്!




**_കമിഴ്ന്ന് വീണുപോയ രാക്ഷസന്റെ മുടിയിൽ പിടിച്ച് വലംകാൽ നട്ടെല്ലിൽ ചവുട്ടി പിറകോട്ട് ഒടിച്ചു തുടങ്ങി. നട്ടെല്ലു രണ്ടായി മുറിഞ്ഞു. ഭയങ്കരമായ ഒരലർച്ചോടെ ബകൻ അന്ത്യശ്വാസം വലിച്ചു._**

നമ്മളെ സഹായിച്ചവരെ നമ്മൾ ആപത്തിൽ സഹായിക്കേണ്ടേ?

യുധിഷ്ഠിരൻ പിന്നെയൊന്നും മിണ്ടിയില്ല. രാക്ഷസൻ ഭീമനെ ഒന്നും ചെയ്യില്ലെന്നു ജ്യേഷ്ഠനും ഉറപ്പുണ്ട്. എങ്കിലും പെട്ടെന്ന് കേട്ടപ്പോൾ ഒരു വിഷമം. അതുകൊണ്ട് പറഞ്ഞുപോയതാണ്.

ഭക്ഷണം വരാൻ താമസിച്ചതോർത്തു ബകരാക്ഷസൻ ഏറെനേരമായി ക്ഷോഭിച്ചിരിക്കുകയാണ്. നാട്ടിലിറങ്ങി ഒരു സംഹാരം നടത്തി എല്ലാവരെയും ഒരു പാഠം പഠിപ്പിക്കേണ്ടി വരും. ഇത്തിരികൂടി കാക്കാം.

ഇങ്ങനെ ചിന്തിച്ചു നോക്കുമ്പോഴതാ, അകലെനിന്ന് ഒരു വണ്ടി വരുന്നു. ബകനു സന്തോഷമായി. വണ്ടി അടുത്തുവരുംതോറും രാക്ഷസനൊരു കാര്യം ശ്രദ്ധിച്ചു. ഇത്തവണ വണ്ടിതെളിക്കുന്നത് പതിവുപോലെ എല്ലും തോലുമായ പേടിച്ചു തൂറിയല്ല. ആളു വളരെ ഗമയിലാണ്. നല്ല കൊഴുത്തുരുണ്ട ശരീരം. ഇന്നത്തെ സദ്യ കെങ്കേമമാകും. രാക്ഷസന്റെ വായിൽ വെള്ളമൂറി.

അപ്പോഴാണു മറ്റൊരു കാര്യം ശ്രദ്ധയിൽപെട്ടത്. എന്തിത്? വണ്ടിയിലെ ചോറും കറികളും അവൻ തന്നെ വാരി കഴിക്കുന്നോ? ധിക്കാരി!

ബകൻ അലറിക്കൊണ്ട് മുന്നോട്ടു വന്നു. ഭീമൻ കുലുങ്ങിയില്ല. ഭക്ഷണം കഴിച്ചു തീർക്കാനുള്ള തിരക്കിലായിരുന്നു. മുഖത്തൊരു പരിഹാസച്ചിരിയും തെളിയുന്നുണ്ട്.

രാക്ഷസൻ രണ്ടു കൈകളും ഉയർത്തി ഭീമന്റെ പുറത്തൊരടി അടിച്ചു. എന്നിട്ടും ഭീമനൊരു ഭാവഭേദവുമില്ല. ഊണു പിന്നെയും തുടർന്നു. സഹികെട്ട രാക്ഷസൻ ഒരു മരം പറിച്ചെടുത്തു ഭീമന്റെ നേരെ പാഞ്ഞു. അപ്പോഴേക്കും ഊണു പൂർത്തിയാക്കി. കൈകഴുകി ഭീമൻ ഒരുങ്ങി നിന്നു. ബകൻ കൈയിലിരുന്ന വലിയ മരം ഭീമന്റെ നേരെ വലിച്ചെറിഞ്ഞു. ഭീമനാകട്ടെ അതു പിടിച്ചെടുത്ത് തിരിച്ചെറിഞ്ഞു. കുറെസമയം വൃക്ഷങ്ങൾകൊണ്ടുള്ള യുദ്ധം തുടർന്നു.

പിന്നെ ബകൻ ഭീമനെ കൈകൾ കൊണ്ടു വരിഞ്ഞുമുറുക്കി ശ്വാസംമുട്ടിച്ചു കൊല്ലാൻ ശ്രമിച്ചു. ഭീമൻ ശരീരം സ്വയം വീർപ്പിച്ചു രാക്ഷസന്റെ പിടി വിടുവിച്ചു. പിന്നെ ബകനെ കാലുമടക്കി അടിച്ചു. തലങ്ങും വിലങ്ങും അടിച്ചു. രാക്ഷസൻ ക്ഷീണിച്ചു തുടങ്ങിയെന്നു മനസ്സിലാക്കിയ ഭീമൻ ഊക്കനൊരടിയോടെ അയാളെ മണ്ണിൽ വീഴിച്ചു. കമിഴ്ന്ന് വീണുപോയ രാക്ഷസന്റെ മുടിയിൽ പിടിച്ച് വലംകാൽ നട്ടെല്ലിൽ ചവുട്ടി പിറകോട്ട് ഒടിച്ചു തുടങ്ങി. നട്ടെല്ലു രണ്ടായി മുറിഞ്ഞു. ഭയങ്കരമായ ഒരലർച്ചോടെ ബകൻ അന്ത്യശ്വാസം വലിച്ചു.

*(തുടരും)*

CYAN MAGENTA YELLOW BLACK